# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3747** **20-6-2019 - ൽ മറുപടിയ്ക്ക്**

**ഉപഭോക്തൃ സംരക്ഷണ സമിതിയുടെ പ്രവർത്തനം**

**ചോദ്യം** **മറുപടി**

**ശ്രീ. എം. ഉമ്മർ**
**ഡോ. എം. കെ. മുനീർ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ടി. എ. അഹമ്മദ് കബീർ:**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഉപഭോക്തൃ സംരക്ഷണ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ഉപഭോക്തൃ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഉപഭോക്തൃ സംരക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ കാലാവധി കഴിഞ്ഞ കോഴിക്കോട്, കൊല്ലം, തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ ഉപഭോക്തൃ സംരക്ഷണ സമിതികൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. മലപ്പുറം ജില്ലാ ഉപഭോക്തൃ സംരക്ഷണ സമിതി പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്ന നടപടി അവസാനഘട്ടത്തിലാണ്. സമിതിയുടെ കാലാവധി കഴിഞ്ഞ മറ്റു ജില്ലകളിലെ ഉപഭോക്തൃ സംരക്ഷണ സമിതിയിൽ ഉൾപ്പെടുത്തേണ്ട അംഗങ്ങളുടെ പട്ടിക കളക്ടർമാരിൽ നിന്നും ലഭ്യമാക്കി സമിതി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനായി ഉപഭോക്തൃ ഇൻഫർമേഷൻ ഡെസ്കുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഉപഭോക്തൃ സഹായ കേന്ദ്രം തുടങ്ങാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അതിന്റെ നിർമ്മാണ ചുമതല കേരള ആർട്ടിസാൻസ് കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ സിവിൽ സ്റ്റേഷനിൽ ഉപഭോക്തൃ സഹായ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൊല്ലം, ആലപ്പുഴ, പത്തനംതിട്ട കോട്ടയം, |

| | | | |
|---|---|---|---|
| | | | എറണാകുളം, ഇടുക്കി, തൃശ്ശൂർ പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ ജില്ലാ ഉപഭോക്തൃ സഹായ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിന് കേരള ആർട്ടിസാൻസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഉപഭോക്തൃ പരാതികൾ രേഖപ്പെടുത്തു-ന്നതിനുള്ള ടോൾ ഫ്രീ നമ്പരും മറ്റ് സംവിധാനങ്ങളും കൂടുതൽ ജനങ്ങളി-ലേക്ക് എത്തിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് ഐ.റ്റി മിഷൻ മുഖേന പ്രവർത്തിച്ച വരുന്ന കാൾ സെന്ററിലെ 1800-425-1550 എന്ന ടോൾ ഫ്രീ നമ്പരിൽ ഉപഭോക്തൃ പരാതികൾ അറിയിക്കാവു-ന്നതാണ്. പത്ര പരസ്യങ്ങൾ, പോസ്റ്ററുകൾ, ലഘുലേഖകൾ, സ്റ്റിക്കറുകൾ മുതലായവ മുഖാന്തിരം വ്യാപകമായ രീതിയിൽ മേൽ ടോൾ ഫ്രീ നമ്പർ പൊതുജനങ്ങളുടെ അറിവിലേക്കായി നൽകിയിട്ടുണ്ട്. ടോൾ ഫ്രീ നമ്പറുകൾ വഴി ലഭ്യമാകുന്ന പരാതികൾ കഴിവതും വേഗത്തിൽ പരിഹരിക്കപ്പെട്ടു വരുകയാണ്. |

സെക്ഷൻ ഓഫീസർ